കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ-ശിശു വികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി – ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC) പദ്ധതി - 2026-27 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാ-ശിശു വികസന (സി) വകുപ്പ്

G.O.(Rt)No.297/2026/WCDD **Dated,20/08/2026**

എ.എസ് നമ്പർ : AS/WCD/26/52310 കാലാവധി : 31/03/2027

പരാമർശം:- 1. വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 20.07.2026-ലെ DWCD/2261/2026-ICPS 13 നം. കത്ത്
2. 24.07.2026-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടി കുറിപ്പ്

<u>ഉത്തരവ്</u>

വനിതാ-ശിശു വികസന വകുപ്പിന്റെ ഭാഗമായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിൽ സംസ്ഥാനത്തെ 1,227 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC) പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കായി ആകെ ചെലവ് പ്രതീക്ഷിക്കുന്ന 3,92,00,000/-രൂപ (മൂന്ന് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷം രൂപ മാത്രം) 2235-02-102-36-(P)-01 എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി സാമ്പത്തിക വിശകലനം സഹിതം വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

<u>സാമ്പത്തിക വിശകലനം</u>

Sl.No	Component	Amount
1	SMART 40 Life Skill Development Programme	2,05,00,000/-
2	Functioning of District Resource Centre	45,00,000/-
3	ORC Activities at School level	28,00,000/-
4	Community Level Intervention	17,50,000/-
5	Capacity Development Programmes	35,00,000/-
6	CCI Intervention Programme	15,00,000/-
7	IEC, Software Updating and printing Activities	10,00,000/-
8	Administrative Expense	1,32,41,440/-
9	Miscellaneous and Contingency Expenses (State & All Districts)	2,08,560/-

AS/WCD/26/52310

	Total Amount Required	Rs. 4,90,00,000/-
	Total Amount allotted	Rs. 4,40,00,000
	Total Amount Requested	**Rs. 3,92,00,000/- (Three Crores ninety two lakhs only)**

Head Of Account

ക്രമ നമ്പർ	റവന്യൂ ശീർഷകം	തുക (രൂപയിൽ)	എ.എസ് നമ്പർ	കാലാവധി
1	2235-02-102-36-01-00-0-P-V	3,92,00,000	AS/WCD/26/52310	2027-03-31

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

ക്രമ നമ്പർ	പ്രവർത്തികൾ	തുക (രൂപയിൽ)
1	ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി	3,92,00,000
ആകെ (മൂന്ന് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം രൂപ)		**3,92,00,000**

വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ 24.07.2026-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കായി 2235-02-102-36-(P)-01 ശീർഷകത്തിൽ നിന്ന് 3,92,00,000/-രൂപ (മൂന്ന് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

AS/WCD/26/52310

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ.

അഡീഷണൽ സെക്രട്ടറി

വനിതാ-ശിശു വികസന വകുപ്പ്

To

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിതാ ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.21 02:02:28 +05:30

AS/WCD/26/52310